(ജി) ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിച്ചു കൊണ്ട് കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കി കാർഷിക വിഭവങ്ങളുടെ വിദേശ കയറ്റുമതി ഫലപ്രദമായി നടപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എച്ച്) കാർഷിക വിഭവ കയറ്റുമതിയിലൂടെ എന്തു തുകയുടെ വിദേശ നാണ്യം നേടാനായി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തെ നേട്ടം എത്രയെന്ന് വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) വെളിച്ചെണ്ണയുടെ കാര്യത്തിൽ കേരഫെഡും റബ്ബറിന്റെ കാര്യത്തിൽ റബ്കോയും ശ്രമങ്ങൾ നടത്തി. 15,000 ത്തോളം ടൺ റബ്ബർ കയറ്റുമതി ചെയ്തു. ഗൾഫ് രാജ്യങ്ങളിൽ വെളിച്ചെണ്ണ വിൽക്കുവാനും കഴിഞ്ഞു.

(ബി) വിവിധ ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ട്.

(സി) കശുവണ്ടി, തേയില, ഏലം, കാപ്പി എന്നിവയാണ് സംസ്ക്കരിച്ച് കയറ്റി അയയ്ക്കുന്നത്.

(ഡി) ലഭ്യമാണ്.

(ഇ) സ്വകാര്യ മേഖലയിലും സഹകരണ പൊതുമേഖലയിലും കാർഷിക വിഭവങ്ങൾക്ക് മൂല്യാധിഷ്ഠിത ഉല്പന്നമാക്കി മാറ്റുന്നതിനുള്ള നിരവധി സംരംഭങ്ങൾ നിലവിലുണ്ട്.

(എഫ്) സംസ്ഥാന മൊത്തവ്യാപാര മാർക്കറ്റിംഗ് സംവിധാനം പ്രധാനമായും വിദേശ കയറ്റുമതി ഉദ്ദേശിച്ചിട്ടുള്ളതല്ല.

(ജി) പല പരിപാടികളും പരിഗണനയിലുണ്ട്.

(എച്ച്) കണക്കുകൾ ശേഖരിക്കേണ്ടിയിരിക്കുന്നു.

സെൻ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിന്

13 (*221) ശ്രീ. എളമരം കരീം :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണ പ്രക്രിയയിൽ സെൻ കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിനു ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം അധികാരങ്ങളാണ് ഓരോ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അധികാര വികേന്ദ്രീകരണത്തെ തുടർന്ന് ഉദ്യോഗസ്ഥ പുനർവിന്യാസം ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സെൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശുപാർശകളിലൊന്നായ പെർഫോമൻസ് ആഡിറ്റ് ഫലപ്രദമായി നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1994 ലെ കേരള പഞ്ചായത്ത് രാജ് -മുനിസിപ്പാലിറ്റി ആക്ടുകളും മറ്റു 38 അനുബന്ധ ആക്റ്റുകളും ഭേദഗതി ചെയ്തു. ഇതിന്റെ തുടർച്ചയായി ബന്ധപ്പെട്ട ചട്ടങ്ങൾ ഭേദഗതി ചെയ്തു. ഇതിനു പുറമേ ഗ്രാമസഭകൾ ശക്തിപ്പെടുത്തി, ഗ്രാമസഭകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി വാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ എണ്ണം വർദ്ധിപ്പിച്ചു, പെർഫോമൻസ് ആഡിറ്റ് സംവിധാനം ഏർപ്പെടുത്തി, സംസ്ഥാന വികസന കൗൺസിലും ഓംബുഡ്സ്മാനും രൂപീകരിച്ചു, ഉദ്യോഗസ്ഥരുടെ മേൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൂടുതൽ നിയന്ത്രണാധികാരങ്ങൾ നൽകി, ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം നിരക്കുകൾ വർദ്ധിപ്പിച്ചു, ഉദ്യോഗസ്ഥ പുനർവിന്യാസ നടപടികൾ ആരംഭിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിച്ച തോതിൽ പദ്ധതി വിഹിതം കൈമാറി. ഇത്തരത്തിൽ അധികാരം താഴെത്തട്ടിൽ എത്തിക്കുന്നതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുവാനും സാധിച്ചിട്ടുണ്ട്.

(ബി) 1994 - ലെ കേരള പഞ്ചായത്ത് രാജ് - കേരള മുനിസിപ്പാലിറ്റി ആക്റ്റുകളിലെ വ്യവസ്ഥകൾ പ്രകാരം കൈമാറ്റം ചെയ്ത അധികാരങ്ങൾക്കു പുറമേ 1999 - ലെ കേരള പഞ്ചായത്തീരാജ് ആക്റ്റിലെ മൂന്നും നാലും അഞ്ചും പട്ടികകളിലും 1999 - ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ഒന്നാം പട്ടികയിലും പ്രതിപാദിക്കുന്ന അധികാരങ്ങളും സ്ഥാപനങ്ങളും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കു കൈമാറിയിട്ടുണ്ട്.

(സി) ജലസേചന വകുപ്പിലെ എഞ്ചിനീയറിംഗ്/ശിപായി വിഭാഗങ്ങളിൽപ്പെട്ട 1046 പേരെ വിവിധ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യാസിച്ചു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 30.11.2000 - ലെ സ.ഉ.(എം.എസ്)333/2000/ത.സ്വ.ഭ.വ നമ്പർ ഉത്തരവനുസരിച്ചു പെർഫോമൻസ് ആഡിറ്റ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ഗ്രാമ പഞ്ചായത്തുകൾ

ഓരോ ജില്ലയിലെയും ഗ്രാമപഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റിന് നേതൃത്വം നൽകുവാനുള്ള ചുമതല പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കാണ്. ഇതിലേയ്ക്ക് 66 യൂണിറ്റുകൾ രൂപീകരിച്ചു. ഓരോ യൂണിറ്റിനും നേതൃത്വം നൽകുന്നത് ഓരോ സീനിയർ സൂപ്രണ്ടാണ്.

2. ബ്ലോക്ക് പഞ്ചായത്തുകൾ

ബ്ലോക്ക് പഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റിന് ഓരോ ജില്ലയിലും നേതൃത്വം നൽകുന്നത് അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പി.എ) ആയിരിക്കും. പ്രസ്തുത ഉദ്യോഗസ്ഥനെ സഹായിക്കുവാൻ ഓരോ ജില്ലയിലും സെക്രട്ടേറിയറ്റിൽ നിന്നും സെക്ഷൻ ആഫീസർ, അസിസ്റ്റന്റ് എന്നിവർ അടങ്ങിയ ടീം നിലവിലുണ്ട്.

3. മുനിസിപ്പാലിറ്റികൾ

മുനിസിപ്പാലിറ്റികളിലെ ഓഡിറ്റ് നടത്തുന്നതിനുള്ള ചുമതല കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകളിലെ മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർക്കാണ്. ടിയാന്റെ കീഴിൽ ഓരോ മേഖലയിലും രണ്ടു ടീമുകൾ പ്രവർത്തിക്കുന്നുണ്ട്.

4. ജില്ലാ പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ

ജില്ലാ പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനായി കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ മേഖലകൾ കേന്ദ്രമായി ജോയിന്റ് സെക്രട്ടറി/ അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു സെക്ഷൻ ആഫീസർ, നാല് അസിസ്റ്റന്റ്മാർ എന്നിവർ അടങ്ങിയ ഒരു ആഡിറ്റ് ടീം പ്രവർത്തിക്കുന്നു.

ജനകീയാസൂത്രണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി

14 (*222) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനവും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെങ്കിലും പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനകീയാസൂത്രണ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly